**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **19-01-2021 - ല്‍ മറുപടിയ്ക്ക്**

**നാളികേര ഉത്പാദന മേഖലയിലെ വികസനപദ്ധതികള്‍.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അന്‍വര്‍ സാദത്ത് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | നാളികേര ഉത്പാദനം വര്‍ദ്ധിപ്പിക്കുന്നതിനും, മൂല്യവര്‍ദ്ധിത ഉത്പന്നങ്ങളിലൂടെ നാളികേരത്തിന് ഉയര്‍ന്ന വില ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്‍കാമോ; | (എ) | നാളികേര ഉല്‍പ്പാദനം വര്‍ദ്ധിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം കര്‍ഷകര്‍ക്ക് ഉറപ്പാക്കുന്നതിനും നാളീകേര വികസന പദ്ധതികള്‍ ആവിഷ്കരിച്ച നടപ്പാക്കി വരുന്നു. ഈ വര്‍ഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 7421 ലക്ഷം രൂപയാണ് നാളീകേര വികസന പദ്ധതികള്‍ക്കായി ചെലവഴിച്ച വരുന്നത്. കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളില്‍ കൃഷി വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ഈ സാമ്പത്തിക വര്‍ഷം 15 പുതിയ കേരഗ്രാമങ്ങള്‍ ആണ് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നടപ്പാക്കുന്നത്. തേങ്ങയുടെ ഉല്‍പ്പാദനവും, ഉത്പാദനക്ഷമതയും വര്‍ദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകള്‍ വെട്ടിമാറ്റി പുതിയ തൈകള്‍ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കല്‍, ജലസേചന സൗകര്യങ്ങള്‍ മെച്ചപ്പെടുത്തല്‍, മൂല്യവര്‍ദ്ധിത ഉല്‍പ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകള്‍ കര്‍ഷകര്‍ക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടര്‍ തുടര്‍ച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പാക്കി വരുന്നു ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കരിക്കിനും, കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങള്‍ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, 0.2 ഹെക്ടര്‍ വീതമുള്ള 25മാതൃകാ ഫാമുകള്‍ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി നടപ്പ വര്‍ഷം നടപ്പാക്കി വരുന്നു. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതല്‍ 2028 വരെയുള്ള കാലയളവില്‍ പ്രാവര്‍ത്തികമാക്കുന്നതിനുള്ള വിവിധലക്ഷ്യ ങ്ങളോടെ നാളികേര വികസന |

കൗൺസിൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളീകേര ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ 50% ധനസഹായത്തോടെ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പ്രായം ചെന്നതും ഉല്പാദന ക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ / കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവ യാണ് കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ള പുന:രുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. നടപ്പ് വർഷം 621289 നെടിയയിനം, 32229 കുറിയയിനം, 130420 സങ്കരയിനം തൈകൾ ഉൾപ്പെടെ ആകെ 783938 തെങ്ങിൻതൈകൾ കർഷകർക്ക് നാളിതു വരെ വിതരണം ചെയ്യുകയുണ്ടായി. മൂല്യവർദ്ധിത ഉല്പ്പന്നങ്ങളിലൂടെ നാളീകേരത്തിന് ഉയർന്ന വില ലഭ്യമാക്കുന്നതിനും, നാളീകേര മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാദ്ധ്യത വിപുലപ്പെടുത്തുന്നതിനും, സംസ്ഥാനത്ത് നാളീകേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ വേങ്ങേരി മൊത്തവ്യാപാര വിപണിയിലും, കുത്താളി ജില്ലാകൃഷിത്തോട്ടത്തിലും, നാളീകേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് നാളീകേര പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി തെരഞ്ഞെടുത്തിരിക്കുന്നത്. നാളീകേരത്തിന്റെ സംസ്കരണം, മൂല്യവർദ്ധനം, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ആധുനിക സൗകര്യങ്ങൾ ടി അഗ്രോപാർക്കുകളിൽ നിന്നും കർഷകർക്ക് / സംരംഭകർക്ക് ലഭ്യമാകുന്നതാണ്. ടി അഗ്രോപാർക്കുകൾ പ്രവർത്തന

| | | | |
|---|---|---|---|
| | | | സജ്ജമാകുന്നതോടെ നാളീകേരത്തിന്റെ മൂല്യവർദ്ധനത്തിലൂടെ കൂടുതൽ വരുമാനം ഉറപ്പാക്കാൻ കർഷകന് സാധിക്കും. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴി തേങ്ങയിൽ നിന്നുള്ളമൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സൂക്ഷ്മതല, ചെറുകിട, ഇടത്തരം സംരംഭകർക്ക് സഹായം നൽകിവരുന്നുണ്ട്. വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉത്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത ആനുകൂല്യം SFAC മുഖേന നൽകിവരുന്നുണ്ട്. |
| (ബി) | കേരഗ്രാമങ്ങളെ സഹകരണസംഘങ്ങളുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) | നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ